(ബി) വളംവിതരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഫെർട്ടിലൈസർ ഡിപ്പോകൾ ഇപ്പോൾ സംസ്ഥാനത്തു ഉണ്ട്. ഓരോ പഞ്ചായത്തിലും വളം ഡിപ്പോകൾ സ്ഥാപിക്കുന്നതിനു ഗവണ്മെൻറു അനുവദിച്ചിട്ടുണ്ടു. അവശ്യമായ ഇനിയും ഡിപ്പോകൾ അനുവദിക്കുന്നതാണു. കമ്പോസ്റ്റു് മനുവറിന്റെ ഉൽപ്പാദനം രാജ്യമൊട്ടുക്കു വർദ്ധിപ്പിക്കുന്നതിനു് ഗവണ്മെൻറു് നടപടികൾ കയ്ക്കൊണ്ടിട്ടുണ്ടു്.

MR. K. K. CHELLAPPAN PILLAI : സ്ക്കിംഡ് മാൽക്കു് വളമായി ഉപയോഗിക്കാറുണ്ടോ?

HON'BLE MR. V. O. MARKOS : ഉപയോഗിക്കും. ചീത്തയായ സ്ക്കിംഡ് മിൽക്കു് വളരെ നല്ലൊരു വളമാണു്.

MR. K. K. CHELLAPPAN PILLAI : ഇപ്പോൾ വിതരണം ചെയ്തു കൊണ്ടിരിക്കുന്ന വളം കൊണ്ടു് ഈ നാട്ടിലെ ആവശ്യം നിർവഹിക്കപ്പെടുകയില്ലെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. V. O. MARKOS : പൂർണ്ണമായി മതിയാകുമെന്നു തോന്നുന്നില്ല.

MR. K. K. CHELLAPPAN PILLAI : അതു കൊണ്ടു വിപുലമായ തോതിൽ വളം വിതരണം ചെയ്യാൻ ഏർപ്പാടു ചെയ്യുമോ?

HON'BLE MR. V. O. MARKOS : വളം ധാരാളമായി കിട്ടിയാൽ അതു ധാരാളമായി വിതരണം ചെയ്യുന്നതിനും ഏർപ്പാടു ചെയ്യാം.

MR. K. K. CHELLAPPAN PILLAI : വളം ധാരാളമായികിട്ടാൻ വല്ല ശ്രമവും ചെയ്യുന്നുണ്ടോ?

HON'BLE MR. V. O. MARKOS : ചെയ്യുന്നുണ്ടു്.

ചവറ മിനറൽസു് കമ്പനി.

* 207 MR. K. K. CHELLAPPANI PILLA (*Mavelikkara II—General*). താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സഭയം മറുപടി നൽകുമോ?

(എ) ചവറ മിനറൽസു് കമ്പനിയുമായി ഏതെങ്കിലും കൂട്ടു കരാറിൽ ഗവണ്മെൻറു് ഉൾപ്പെട്ടിട്ടുണ്ടോ ? ആ കരാറിന്റെ പ്രതി മേശപ്പുറത്തു വയ്ക്കുമോ?

(ബി) ആ കരാറനുസരിച്ചു് മണൽ കമ്പനികൾ പ്രവർത്തിച്ചിട്ടുണ്ടോ?

(സി) ആ കരാർ പുതുക്കേണ്ട ആവശ്യം നേരിട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു്?

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Chellappan Pillai].

(ഡി) പുതുക്കിയെങ്കിൽ പുതിയ വ്യവസ്ഥ എന്തെല്ലാം?

HON'BLE Mr. T. K. NARAYANA PILLAY : (എ) ഉണ്ട്. കരാറിന്റെ പ്രതി മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കമ്പനികൾ അടിസ്ഥാനവിലയും (Basic cost) പ്രതിഫലവും (Remuneration) ഭേദപ്പെടുത്തേണ്ട ആവശ്യം ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ട്. ആ സംഗതികളെപ്പറ്റി ആലോചിച്ചു കൊണ്ടിരിക്കുകയാണ്. കരാറിലെ വ്യവസ്ഥയനുസരിച്ചു ബേസിക് കോസ്റ്റും പ്രതിഫലവും രണ്ടുകൊല്ലത്തിലൊരിക്കൽ പുനഃപരിശോധന ചെയ്യണമെന്ന് വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തി ഞാൻ മേൽപ്പറഞ്ഞ രണ്ടിനങ്ങളെ സംബന്ധിച്ചും കരാർ പുനഃപരിശോധന ചെയ്യണമെന്ന് കമ്പനികളിൽനിന്ന നിർദ്ദേശം ഗവണ്മെന്റിലേക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) അതു പുനഃപരിശോധന ചെയ്യേണ്ട ആവശ്യമുണ്ടോ എന്നുള്ളതിനെപ്പറ്റി ഗവണ്മെന്റ് ആലോചിച്ചു വരുകയാണ്.

MR. A. THANU PILLAI : കരാർ അനുസരിച്ചു പ്രവർത്തിച്ചു വരുന്നുവെന്ന പറഞ്ഞല്ലോ. കരാറനുസരിച്ചു ഗവണ്മെന്റിലേക്ക് ഇടയ്ക്കേണ്ടുചണം അതായുകാലത്തു തരുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ചില കമ്പനികൾ അതായു സമയത്തു തരുന്നുണ്ട്. ചില കമ്പനികൾ സമയം നീട്ടികിട്ടണമെന്ന അപേക്ഷകൾ ബോധിപ്പിച്ചിട്ടുണ്ട്.

MR. A. THANU PILLAI: ഏതെല്ലാം കമ്പനികളാണ് അങ്ങിനെ സമയം നീട്ടിക്കിട്ടണമെന്ന് അപേക്ഷിച്ചിട്ടുള്ളതെന്ന പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : ഈ ചോദ്യത്തിൽ നിന്നും അങ്ങിനെയൊരു ചോദ്യം ഉണ്ടാകുമെന്ന പ്രതീക്ഷിച്ചിരുന്നില്ല. എന്തായാലും ഓർമ്മവച്ചു പറയുന്നപക്ഷം ശ്രീമാൻ കരയാളരുടെ കമ്പനി അങ്ങനെ അപേക്ഷ ബോധിപ്പിച്ചിട്ടുണ്ട്.

MR. A. THANU PILLAI : കരയാളരുടെ കമ്പനിയിൽ നിന്ന പണംതരാതെ ഏതു കൊല്ലം മുതലാണ് മുടക്കം വരുത്തിയിരിക്കുന്നതെന്ന പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : കഴിഞ്ഞ ഒരു ടേം മാത്രമെമുടക്കിയിട്ടുള്ളൂ. അതിൽ ഒന്നരലക്ഷം രൂപാ കഴിഞ്ഞ ആഴ്ച തന്നിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. A. THANU PILLAI . കരയാളർ ഇന്നി ഏതെങ്കിലും പണം തരാനുണ്ടോ?

HON' BLE MR. T, K. NARAYANA PILLAI : കുറച്ച് ഉണ്ട്. അതു മൊബ്യൂവരി ചെലവുകൾക്കു മുമ്പുതരാമെന്നു പറഞ്ഞിട്ടുണ്ട്.

MR. A. THANU PILLAI : തരാനുള്ള തുക എത്രയാണെന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : എത്രയെന്ന് നിശ്ചയമില്ല. കുറച്ചുതരാനുണ്ടെന്നറിയാം?

MR. A. THANU PILLAI : കരയാളർ ഇനിയും അഞ്ചൊട്ടലക്ഷംരൂപാ ഗവണ്മെൻറിനു കൊടുക്കാനുണ്ടെന്നു കേൾക്കുന്നതു ശരിയാണോ?

HON'BLE MR. T. K. NARAYANA PILLAI : അഞ്ചൊട്ടലക്ഷം കൊടുക്കാനുണ്ടെന്നു കേൾക്കുന്നതു ശരിയല്ല.

MR. A. THANU PILLAI : പിന്നെ എത്രയാണെന്നു പറയാമോ?

HON' BLE MR. T. K. NARAYANA PILLAI: എത്രയെന്നു പറയാൻ ഇപ്പോൾ നിവൃത്തിയില്ലെന്നു ഞാൻ നേരത്തേ പറഞ്ഞുകഴിഞ്ഞു.

MR. A. THANU PILLAI : പെരാരായുടെ കമ്പനിയിൽ നിന്നും പണം കിട്ടാനുണ്ടോ?

HON' BLE MR. T. K. NARAYANA PILLAI : അതു ഫയൽ നോക്കിയാലേ പറയാൻ സാധിക്കുകയുള്ളു.

MR. A. THANU PILLAI : ഇവർ രണ്ടുപേരുടെ ഇപ്പോഴും മണൽ വെളിയിലേക്ക് കയറ്റി അയച്ചുകൊണ്ടിരിക്കുകയാണോ?

HON'BLE MR. T. K. NARAYANA PILLAI : കരയാളർക്കു് ഒരു കപ്പൽ വന്നിട്ടുണ്ടെന്നു് അറിഞ്ഞു. മിസ്റ്റർ പെരേരാക്കു് കപ്പൽ വന്നിട്ടുള്ളതായി അറിവില്ല.

MR. A. THANU PILLAI : പണം തരാതെ മുടക്കിയിട്ടിരിക്കുന്നവർക്കു് എക്സ്പോർട്ട് അനുവദിക്കുന്നതു ശരിയാണെന്നു് വിചാരിക്കുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഗവണ്മെൻറു് ആലോചിച്ചുതന്നെയാണു് ഈ നടപടികൾ കയ്ക്കൊണ്ടിട്ടുള്ളതു്.

MR. P. T. CHACKO : കരയാളർ ഇങ്ങനെ മുടക്കം വരുത്തിയിട്ടു എത്ര കാലമായി?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : മുൻമന്ത്രിസഭ പ്രവർത്തനം തുടങ്ങിയതു മുതൽക്കേ മുടക്കം വരുത്തിയിട്ടുണ്ടെന്നാണ് റിക്കാർഡുകളിൽ നിന്നും കാണുന്നതു്.

MR. ABDUL AZIZ : ആ കാലത്തു് പണം ഈടാക്കാൻ എന്തെങ്കിലും ശ്രമം ചെയ്തിട്ടുണ്ടോ ? എന്തെങ്കിലും ഈടാക്കിയിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : റിക്കാർഡുകളിൽ നിന്നു അങ്ങിനെയൊന്നും കാണുന്നില്ല.

MR. K. K. CHELLAPPAN PILLAI : കരാർ പുതുക്കുന്നതുകൊണ്ടു ഗവണ്മെൻറിന് എന്തെങ്കിലും കൂടുതൽ ലാഭമുണ്ടോ?

HON'BLE MR. T.K. NARAYANA PILLAI : കരാർ പുതുക്കുന്നു എന്നു ഞാൻ പറഞ്ഞില്ല. കരാറിലെ ഒരു വ്യവസ്ഥ രണ്ടു കൊല്ലത്തിലൊരിക്കൽ പുനഃപരിശോധന ചെയ്യണമെന്നു കരാറിൽ തന്നെ ഉണ്ടു്. ആ വ്യവസ്ഥയും പുനഃപരിശോധന ചെയ്യണമെന്നു കാണിച്ചു കൊണ്ടാണ് കമ്പനിയിൽനിന്നും നിർദ്ദേശം കിട്ടിയിട്ടുള്ളതു. അങ്ങിനെ പുനഃപരിശോധന ചെയ്യേണ്ട ആവശ്യമുണ്ടോ എന്നാണ് ഇപ്പോൾ ഗവണ്മെൻറു് ആലോചിച്ചുവരുന്നതു്. (ചോദ്യോത്തരത്തിനുള്ള സമയം അവസാനിച്ചു).

WRITTEN ANSWERS.

Land for Fact.

* 208 PAUL THALIATH (*Parur 111—General*) : Will the Hon'ble Minister for Land be pleased to state '

(a) the total acres of lands acquired by Government at Aloor in Varapuzha pakuthy for use of the Fertilisers and Chemicals, Travancore Ltd.'

(b) the total acres given to the company and to Mr. Seshasayee (Managing Agent) in his personal name respectively ?

(c) whether any land so acquired and given to the said company has been leased out to any of its employees and

(d) if the answer to (c) is in the affirmative, the acreage so leased out with the names of the employees

HON'BLE MR. T. K. NARAYANA PILLAI :

(a) 171 acres and 43. 660 cents.

(b) 171 acres and 43. 660 cents to the company only. No land has been given to Mr. Seshasayee.

(c) No.

(d) This question does not arise in view of answer to (c).

LIBRARY ARCHIVES Kerala Legislative Assembly